(ഡി) രണ്ട് പരാതികൾ ലഭിച്ചിട്ടുണ്ട്.

(ഇ) ശ്രീ. ചന്ദ്രശേഖരനുൾപ്പെടെയുള്ള ജീവനക്കാർക്ക് അലവൻസുകൾ നൽകുന്നതിനുള്ള തുകയ്ക്ക് ബില്ല് ട്രഷറിയിൽ സമർപ്പിച്ചിട്ടുണ്ട്.

(എഫ്) ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ആനുകൂല്യങ്ങൾ യഥാസമയം തന്നെ വിതരണം ചെയ്യുന്നതിലേക്കുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വടകര താലൂക്ക് ആശുപത്രിയിൽ കെ. എച്ച്. ആർ. ഡബ്ല്യു. എസ്.-ന്റെ കീഴിൽ പേവാർഡ് നിർമ്മിക്കാൻ നടപടി

116 [3814] *ശ്രീ. സി. കെ. നാണു* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ താലൂക്ക് ആശുപത്രികളിൽ കെ. എച്ച്. ആർ. ഡബ്ല്യു. എസ്.-ന്റെ കീഴിൽ പേവാർഡുകൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) വടകര താലൂക്ക് ആശുപത്രിയിൽ കെ. എച്ച്. ആർ. ഡബ്ല്യു. എസ്.-ന്റെ കീഴിൽ പേവാർഡുകൾ നിർമ്മിക്കുവാൻ സന്നദ്ധമാകുമോ;

(സി) മെഡിക്കൽ കോളേജുകളിലെപ്പോലെ മിതമായ നിരക്കിൽ റൂമുകളും. ചികിത്സയ്ക്കാവശ്യമായ ആധുനിക ഉപകരണങ്ങൾ ഉപയോഗിച്ചുള്ള പരിശോധനയ്ക്കും സഹായകരമാവും വിധം പേവാർഡുകൾ പ്രവർത്തിപ്പിക്കാൻ സന്നദ്ധമാവുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കെ. എച്ച്. ആർ. ഡബ്ല്യു. എസ്. ഇക്കാര്യം ആലോചിച്ചുവരുന്നുണ്ട്.

(സി) കെ. എച്ച്. ആർ. ഡബ്ല്യു. എസ്. വക പേവാർഡുകൾ ഈ ലക്ഷ്യത്തിലാണ് പ്രവർത്തിച്ചുവരുന്നത്.

താമരശ്ശേരി സി. എച്ച്. സി. യെ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയാക്കി ഉയർത്താൻ നടപടി

117 [3815] *ശ്രീ. സി. മോയിൻകുട്ടി* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താമരശ്ശേരി സി. എച്ച്. സി.-യെ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയാക്കി ഉയർത്തണമെന്ന ആവശ്യത്തിൻമേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് പറയാമോ;

LIBRARY ARCHIVES Kerala Legislative Assembly